പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 19/06/2014 -ൽ മറുപടിക്ക്
നമ്പർ: 2897

**സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എത്ര സബ് രജിസ്ട്രാർ ഓഫീസുകളുണ്ടെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്തെ ആകെ 311 സബ് രജിസ്ട്രാർ ആഫീസുകളിൽ 110 ആഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി കെട്ടിടം ഇല്ലാത്ത ആഫീസുകളുടെ ലിസ്റ്റ് അനുബന്ധം I-ആയി ചേർത്തിട്ടുണ്ട്. |
| ബി) ഇവയ്ക്കു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) തിരുവനന്തപുരം ജില്ലയിൽ ചാലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന രജിസ്ട്രേഷൻ കോംപ്ലക്സിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ആഫീസ് നിലവിലെ വാടക കെട്ടിടത്തിൽ നിന്ന് പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്. ഇതര ജില്ലകളിൽ കലയപുരം, ഒല്ലൂക്കര, കുട്ടനല്ലൂർ, വടക്കഞ്ചേരി, നീലേശ്വരം, സുൽത്താൻ ബത്തേരി എന്നീ സബ് രജിസ്ട്രാർ ആഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒല്ലൂക്കര, കുട്ടനല്ലൂർ , നീലേശ്വരം, എന്നീ ആഫീസ് കെട്ടിടങ്ങളുടെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. |

മലയിൻകീഴ്, കുളത്തൂപ്പുഴ, മേലാറ്റൂർ, മട്ടന്നൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിനായി ലഭ്യമായിട്ടുള്ള ഭൂമി രജിസ്ട്രേഷൻ വകുപ്പിന്റെ പേരിലാക്കി പോക്കുവരവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത മറ്റ് സബ് രജിസ്ട്രാർ ആഫീസുകൾക്കായി കെട്ടിടം പണിയുവാൻ സൗജന്യമായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സി) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് ലക്ഷ്യമാക്കിക്കൊണ്ട് സബ് രജിസ്ട്രാർ ആഫീസുകളിൽ കമ്പ്യൂട്ടർ വത്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ സേവന പ്രദാനം കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ സർക്കാർ സ്ഥാപനമായ ഐ.എം.ജി. യുമായി സഹകരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ മറ്റ് നടപടികൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# അനുബന്ധം-I

## സ്വന്തമായി കെട്ടിടമില്ലാത്ത സബ് രജിസ്ട്രാർ ആഫീസുകളുടെ പേരു വിവരം

**തിരുവനന്തപുരം:-**

അമരവിള, ബാലരാമപുരം, കല്ലറ, കന്യാകുളങ്ങര, കാട്ടാക്കട, മലയിൻകീഴ്, മുരുക്കുംപുഴ, നഗരൂർ, നെടുമങ്ങാട്, ഊരൂട്ടമ്പലം, പൂവാർ, പോത്തൻകോട്, ശാസ്തമംഗലം, തിരുവനന്തപുരം, വെള്ളറട, വെഞ്ഞാറമൂട്, വിതുര.

**കൊല്ലം:-**

പത്തനാപുരം, ഇരവിപുരം, കലയപുരം, കുളത്തൂപ്പുഴ, ചിതറ, പുനലൂർ, എഴുകോൺ, കടയ്ക്കൽ, കൊട്ടിയം, അഞ്ചാലുംമൂട്, പട്ടാഴി.

**പത്തനംതിട്ട:-**

ഏനാദിമംഗലം, ഏനാത്ത്, കടമ്പനാട്, കടപ്ര, കോഴഞ്ചേരി, പെരുനാട്, റാന്നി, അടൂർ.

**ആലപ്പുഴ:-**

ആലപ്പുഴ, ചേപ്പാട്, കരീലക്കുളങ്ങര, മാന്നാർ, പട്ടണക്കാട്, ചെറിയനാട്, പാണാവള്ളി.

**കോട്ടയം:-**

ചങ്ങനാശ്ശേരി, ഈരാറ്റുപേട്ട, എരുമേലി, കാഞ്ഞിരപ്പള്ളി, കറുകച്ചാൽ, കിടങ്ങൂർ, കൊഴുവനാൽ, പാമ്പാടി, പുതുപ്പള്ളി, രാമപുരം, തലയോലപ്പറമ്പ്, വാഴൂർ, തലയാഴം, തെങ്ങണ.

**ഇടുക്കി:-**

അറക്കുളം, കാരിക്കോട്, കട്ടപ്പന.

**എറണാകുളം:-**

എറണാകുളം, മരട്, കുറുപ്പംപടി.

തൃശ്ശൂർ:-

അന്നമനട, എരുമപ്പെട്ടി, ഇരിങ്ങാലക്കുട, കോട്ടപ്പടി, കുട്ടനല്ലൂർ, ഒല്ലൂക്കര, വാടാനപ്പിള്ളി, തൃശ്ശൂർ.

പാലക്കാട്:-

കൊഴിഞ്ഞാമ്പാറ, കുഴൽമന്ദം, കോട്ടായി, ലെവക്കോട്, ഷൊർണ്ണൂർ, കുമരനല്ലൂർ, വടക്കഞ്ചേരി.

മലപ്പുറം:-

അരീക്കോട്, കൊടക്കൽ, എടക്കര, എടപ്പാൾ, മക്കരപ്പറമ്പ്, മേലാറ്റൂർ, മോങ്ങം, ,മൂർക്കനാട്, നിലമ്പൂർ, വാഴക്കാട്.

കോഴിക്കോട്:-

കക്കോടി, ചേമഞ്ചേരി, തൂണേരി, എടച്ചേരി, മീഞ്ചന്ത, ബാലുശ്ശേരി, കൊടുവള്ളി, മേപ്പയൂർ, കക്കട്ടൽ, മുക്കം, മാവൂർ, തിരുവമ്പാടി.

വയനാട്:-

കൽപ്പറ്റ,സുൽത്താൻബത്തേരി,പനമരം,പുൽപ്പള്ളി,

കണ്ണൂർ:-

കല്ലിക്കണ്ടി, ഇരിക്കൂർ, മട്ടന്നൂർ

കാസറഗോഡ്:-

രാജപുരം, നീലേശ്വരം,ഉദുമ,

സെക്ഷൻ ഓഫീസർ.

# അനുബന്ധം II

## കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിപാടികൾ

1. സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനം ഇന്റർനെറ്റ് അധിഷ്ടിതമാക്കുന്നതിന് തുടക്കം കുറിച്ചു.
2. കേരളത്തിലെ ആധാര രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃതമായി സൂക്ഷിക്കുന്ന ഓൺലൈൻ പദ്ധതിക്ക് തുടക്കം കുറിച്ചു.
3. ആധാരപ്പകർപ്പുകളുമായി ബന്ധപ്പെട്ട സേവനപ്രദാനം സുഗമമാക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങൾ സ്കാൻ ചെയ്തുകൊണ്ട് ആധാരപ്പകർപ്പുകൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.
4. രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിന്റെ പരിഷ്കരണ പരിപാടികൾ പുരോഗമിക്കുന്നു.
5. കേരളത്തിലെ ഭൂമിയുടെ ന്യായവില അറിയുന്നതിനായി www.igr.kerala.gov.in എന്ന വെബ് സൈറ്റിന് രൂപം നല്കി.
6. സേവനാവകാശനിയമപ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നൽകേണ്ട സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചു നല്കി.
7. രജിസ്ട്രേഷൻ സംബന്ധമായി നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് സമഗ്രമായി പരിശീലന പരിപാടികൾക്ക് തുടക്കം കുറിച്ചു.
8. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നല്കുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു.

സെക്ഷൻ ഓഫീസർ.